بِسۡمِ اللّٰہِ الرَّحۡمٰنِ الرَّحِیۡمِ ﴿۱﴾

# ജുമുഅഃ ഖുത്ബ സംഗ്രഹം 06.10.2023

**സയ്യിദുനാ ഹദ്റത് അമീറുൽ മുഅ്മിനീൻ ഖലീഫത്തുൽ മസീഹ് അൽഖാമിസ്** (അയ്യദഹുല്ലാഹ്)

***യു.കെ.യിലെ മസ്ജിദ് മുബാറക്കിൽ നിർവഹിച്ചത്.***

## തിരുനബി ചരിത്രം: ബദ്ർ യുദ്ധാനന്തര സംഭവങ്ങൾ തുടർച്ച

اَشۡهَدُ اَنۡ لَّاۤ اِلٰهَ اِلَّا اللّٰهُ وَحۡدَهٗ لَا شَرِيۡکَ لَهٗ وَاَشۡهَدُ اَنَّ مُحَمَّدًا عَبۡدُهٗ وَرَسُوۡلُهٗ
اَمَّا بَعۡدُ فَاَعُوۡذُ بِاللّٰهِ مِنَ الشَّيۡطٰنِ الرَّجِيۡمِ ○ بِسۡمِ اللّٰهِ الرَّحۡمٰنِ الرَّحِيۡمِ ○
اَلۡحَمۡدُ لِلّٰهِ رَبِّ الۡعٰلَمِيۡنَ ○ اَلرَّحۡمٰنِ الرَّحِيۡمِ ○ مٰلِکِ يَوۡمِ الدِّيۡنِ ○ اِيَّاکَ
نَعۡبُدُ وَاِيَّاکَ نَسۡتَعِيۡنُ ○ اِهۡدِنَا الصِّرَاطَ الۡمُسۡتَقِيۡمَ ○ صِرَاطَ الَّذِيۡنَ اَنۡعَمۡتَ
عَلَيۡهِمۡ غَيۡرِ الۡمَغۡضُوۡبِ عَلَيۡهِمۡ وَلَا الضَّآلِّيۡنَ ○

അസ്മായുടെ വധത്തെ സംബന്ധിച്ച് കഴിഞ്ഞ ഖുത്ബയിൽ വിവരിച്ചിരുന്നതിൽ ഇതുപോലുള്ള മറ്റൊരു സംഭവവുമുണ്ടെന്ന് ഞാൻ പറഞ്ഞിരുന്നു. ഈ സംഭവവും കേവലം ഒരു കെട്ടിച്ചമച്ച കഥയാണ്. ഇത് അബൂഅഫഖ് യഹൂദിയുടെ വധത്തെ കുറിച്ചുള്ളതാകുന്നു. ഇതിന്റെ വിശദാംശങ്ങൾ ഇപ്രകാരമാകുന്നു, ഒരു ദിവസം റസൂലുല്ലാഹ്(സ) സ്വഹാബാക്കളോട് പറഞ്ഞു: ആർക്കാണ് ഈ ദുഷ്ടനെ അതായത് അബൂഅഫ്ഖിനെ ഒതുക്കാൻ കഴിയുക? അഥാവാ അയാളെ വധിക്കാൻ കഴിയുക? അബൂ അഫഖ് വളരെ പടുവൃദ്ധനായിരുന്നു. അയാൾക്ക് 120 വസസ്സുണ്ടായിരുന്നുവെന്നും പറയപ്പെടുന്നു. അയാൾ ജനങ്ങളെ നബി(സ)ക്കെതിരിൽ ഇളക്കിവിട്ടിരുന്നു. തന്റെ കവിതകളിൽ തിരുനബി(സ)ക്കെതിൽ മോശമായും അപമര്യാദയായും പറയുമായിരുന്നു. നബി(സ)ന്റെ കൽപ്പന കേട്ടപ്പോൾ ഹദ്റത്ത് സാലിം ബിൻ ഉമൈർ എഴുന്നേറ്റു. ഇദ്ദേഹം അല്ലാഹുവിനെക്കുറിച്ചുള്ള ഭയത്താൽ വളരെയധികം കരയുന്ന ആളും ബദ്ർ യുദ്ധത്തിൽ പങ്കെടുത്ത വ്യക്തിയുമായിരുന്നു. ഹദ്റത്ത് സാലിം ബിൻ ഉമൈർ പറയുന്നു: ഞാൻ അതിന് നേർച്ചയാക്കിയിരിക്കുന്നു; ഒന്നുകിൽ ഞാൻ അബൂ അഫ്ഖിനെ വധിക്കും, അല്ലെങ്കിൽ ഈ പരിശ്രമത്തിൽ ഞാൻ എന്റെ ജീവൻ ത്യജിക്കുന്നതാണ്. തുടർന്ന് അദ്ദേഹം തക്കം പാർത്ത് കഴിയുകയായിരുന്നു. ഒരു ദിവസം രാത്രി നല്ല ചൂടുള്ള കാലാവസ്ഥയിൽ അബൂഅഫ്ഖ് തന്റെ വീടിനുപുറത്ത് ഉറങ്ങുകയായിരുന്നു. ഹദ്റത്ത് സാലിം ഇതേക്കുറിച്ച് അറിഞ്ഞപ്പോൾ ഉടനെ പുറപ്പെട്ടു, അവിടെയെത്തി. സാലിം തന്റെ വാൾ അയാളുടെ നഞ്ചിൽ കുത്തിയമർത്തി, എത്രത്തോളമെന്നാൽ അത് അയാളുടെ പുറത്തുകൂടെ കടന്ന് കിടക്കയിൽ അമരുകയുണ്ടായി. അപ്പോൾ അബൂഅഫഖ് ഭയാനകമായ നിലയിൽ നിലവിളിച്ചു. ഹദ്റത്ത് സാലിം അയാളെ അങ്ങനെ തന്നെ വിട്ടുകൊണ്ട് തിരിച്ചു വന്നു. അബൂഅഫഖിന്റെ നിലവിളി കേട്ടപ്പോൾ ജനങ്ങൾ ഓടിവരികയുണ്ടായി. അയാളുടെ ചില കൂട്ടുകാർ ഉടൻ തന്നെ അയാളെ വീട്ടിനുള്ളിലേക്ക് കൊണ്ടുപോയി. പക്ഷെ ആ ദൈവിക ശത്രു മാരകമായി പരിക്കേറ്റതിനാൽ മരണപ്പെട്ടു.

ഹുസൂർ തിരുമനസ്സ് പറയുന്നു: ഈ സംഭവം ഏതെങ്കിലും പ്രാമാണികമായ രീതിയിൽ നിവേദനം ചെയ്യപ്പെട്ടിട്ടില്ല. സിഹാഹുസ്സിത്തയിലും ഇത് വന്നിട്ടില്ല. സീറത്തുൽ ഹൽബിയ്യ, ശറഹ് സർഖാനി, ത്വബഖാത്തുൽ കുബ്റാ ഇബ്നു സഅദ്, സീറത്തുന്നബ്വിയ്യത്തുൽ ഇബ്നു ഹിശാം, അൽ ബദായിയ്യ വന്നിഹായിയ്യ, കിത്താബുൽ മഗാസി അൽ വാഖദി, സഹ്ലുൽ ഹുദാ വർറിശാദ് തുടങ്ങിയ ചില നബിചരിത്രങ്ങളിൽ ഈ സംഭവം വന്നിട്ടുണ്ട്. എന്നാൽ അൽകാമിലു ഫിത്താരീഖ്, താരീഖ് ത്വിബ്രി, താരീഖ് ഇബ്നു ഖുൽദൂൻ മുതലായ ചരിത്ര ഗ്രന്ഥങ്ങളിലൊന്നും തന്നെ ഈ സംഭവം രേഖപ്പെടുത്തിയിട്ടില്ല.

അസ്മായുടെ സംഭവത്തിൽ അവൾ ജനങ്ങളെ നബി(സ)നോടുള്ള ശത്രുതയിൽ ഇളക്കി വിടാറുണ്ടായിരുന്നുവെന്ന് പറഞ്ഞതുപോലെ ഇതിലും ഇത്തരം സാക്ഷ്യങ്ങളാണ് വിവരിക്കപ്പെടുന്നത്. ബദ്ർയുദ്ധ ശേഷം ഇയാൾ വെറുപ്പിലും വിദ്വേഷത്തിലും അതിരുകടക്കുകയും പ്രത്യക്ഷ രാജ്യദ്രോഹിയായി മാറുകയും ചെയ്തിരുന്നു. അബൂഅഫ്ഖിന്റെ വധത്തെ സംബന്ധിച്ചുള്ള പരസ്പര വിരുദ്ധങ്ങളായ നിവേദനങ്ങൾ ഈ സംഭവം ഉണ്ടായെന്ന് പറയുന്നതിനെ സംശയാസ്പദമാക്കുന്നു. ഉദാഹരണമായി ഒന്ന് ഘാതകനെ സംബന്ധിച്ച അഭിപ്രായ ഭിന്നത. ഇബ്നു സഅദിന്റെയും വാഖദിയുടെയും വീക്ഷണത്തിൽ അബൂഅഫ്ഖിന്റെ ഘാതകൻ സാലിം ബിൻ ഉമൈർ ആയിരുന്നു.

എന്നാൽ മറ്റ് ചില നിവേദനങ്ങളിൽ സാലിം ബിൻ അംർ എന്ന് പറയുന്നു. പക്ഷെ ഇബ്നു ഉഖ്ബ യുടെ വീക്ഷണത്തിൽ സാലിം ബിൻ അബ്ദുല്ലാഹ് ബിൻ സാബിത്ത് അൻസാരിയാണ് അയാളെ വധി ച്ചത്. രണ്ടാമത്തെ ഭിന്നത വധിക്കാനുണ്ടായ കാര ണത്തെപ്പറ്റിയാകുന്നു. ഇബ്നു ഹിശാമും വാഖ ദിയും പറയുന്നത് സാലിം സ്വയം ആവേശത്തി ലായി അയാളെ വധിച്ചുവെന്നാണ്. അതേ സമയം മറ്റ് ചില നിവേദനങ്ങളുടെ അടിസ്ഥാനത്തിൽ നബി(സ)ന്റെ കൽപ്പന പ്രകാരമാണ് വധിച്ചത്! മൂന്നാ മത്തെ ഭിന്നത അയാളുടെ മതത്തെ സംബന്ധിച്ചു ള്ളതാണ്. ഇബ്നു സഅദിന്റെ വീക്ഷണത്തിൽ അയാൾ യഹൂദിയായിരുന്നു. എന്നാൽ വാഖദി യുടെ അഭിപ്രായത്തിൽ അയാൾ യഹൂദിയല്ല. ഇനി വധിച്ച കാലത്തെപ്പറ്റിയും ഭിന്നതയുണ്ട്. വാഖദിയും ഇബ്നു സഅദും ഇത് അസ്മയുടെ വധത്തിനുശേ ഷമാണെന്ന് പറയുന്നു. എന്നാൽ ഇബ്നു ഇസ് ഹാഖും ഇബ്നു ഹിശാമും അസ്മായുടെ വധ ത്തിനു മുമ്പാണെന്ന് എഴുതുന്നു. ഇത്തരം പ്രകട മായ വൈരുദ്ധ്യങ്ങളിൽനിന്ന് ഈ സംഭവം കെട്ടി ച്ചമച്ചതും വ്യാജവുമാണെന്നും ഇതിന് യാതൊരു അടിസ്ഥാനവുമില്ലെന്നും വ്യക്തമാകുന്നുണ്ട്.

ഇനി അബൂഅഫ്ഖിന്റെ വധം ശരിയാണെന്ന് അംഗീകരിക്കുകയാണെങ്കിൽപോലും രാജ്യതല വനെ വധിക്കാൻ ജനങ്ങളെ ഇളക്കിവിടുന്നതും ആക്ഷേപ കവിതകൾ ഉണ്ടാക്കി ജനങ്ങളെ യുദ്ധ ത്തിന് പ്രേരിപ്പിക്കുന്നതും പൊതുസമാധാനത്തെ അപകടത്തിലാക്കുന്നതും യുദ്ധാഗ്നിയെ ആളിക്ക ത്തിക്കുന്നതും അയാളുടെ വധശിക്ഷക്ക് മതിയായ കാരണങ്ങളാകുന്നു. ഇന്നും ഭരണകൂടങ്ങൾ തങ്ങ ൾക്കെതിരിൽ കലാപം തെളിയിക്കപ്പെട്ടാൽ വധ ശിക്ഷ നൽകാറുണ്ട്. തെറിപറഞ്ഞു എന്നതു മാത്രം ഈ വധത്തിനു കാരണമാകാൻ നിവൃത്തിയില്ല.

അസ്മായുടെ സംഭവത്തെപ്പോലെ അബൂ അഫ് ഖിന്റെ വധത്തിനുശേഷവും യഹൂദികൾ യാതൊരു വിധത്തിലും പ്രതികരിച്ചതായി കാണുന്നില്ല. ഇവ രുടെ നിശബ്ദത ഇതൊരു കാൽപ്പനിക കഥയാണ് എന്നതിന് ശക്തമായ തെളിവാകുന്നു. മറ്റൊരു കാര്യം ഈ സംഭവങ്ങൾ ഉണ്ടായത് ബദ്ർ യുദ്ധ ത്തിന് തൊട്ട് മുമ്പോ തൊട്ട് ശേഷമോ ആണെന്ന് പറയപ്പെടുന്നു. എന്നാൽ എല്ലാ ചരിത്രകാരന്മാരും യഹൂദികളുമായി മുസ്ലിംകൾ ഏറ്റവും ആദ്യം ഏറ്റുമുട്ടിയത് ബനൂഖൈൻഖാഅ് യുദ്ധത്തിലാ ണെന്ന കാര്യത്തിൽ ഏകാഭിപ്രായക്കാരാകുന്നു. ബദ്റിനു മുമ്പും ഇത്തരം വല്ല സംഭവവും ഉണ്ടായി രുന്നെങ്കിൽ തീർച്ചയായും രേഖപ്പെടുത്തുമായിരുന്നു.

അങ്ങനെ യഹൂദികൾക്ക് അബൂഅഫഖിന്റെയും അസ്മായുടെയും വധത്തിന്റെ അടിസ്ഥാനത്തിൽ മുസ്ലിംകളാണ് പ്രശ്നങ്ങൾക്ക് ആരംഭം കുറിച്ച തെന്ന് യഹൂദികൾ ആക്ഷേപിച്ചാൽ അത് ശരിയാ കുമായിരുന്നു താനും. എന്നാൽ മദീനയിലുള്ള യഹൂദികൾ ഈ സംഭങ്ങളെ എടുത്തുകൊണ്ട് ഒരി ക്കലും അത്തരമൊരു പ്രശ്നം ഉന്നയിച്ചതായി പ്പോലും കാണാൻ സാദ്ധ്യമല്ല.

ഇനി അവർ ആക്ഷേപമുന്നയിക്കുകയും എന്നാൽ മുസ്ലിം ഹദീസുകാരന്മാരും ചരിത്ര കാരന്മാരും ഇതേക്കുറിച്ചുള്ള പരാമർശം ഒഴിവാ ക്കിയതായിരിക്കാമെന്ന് ആരെങ്കിലും കരുതുന്ന തെങ്കിൽ അത് അടിസ്ഥാനരഹിതമായ ഒരു ധാര ണയായിരിക്കും. ഹദീസുകാരന്മാർ ഈ സംഭവ ങ്ങൾ പരാമർശിച്ചില്ല എന്ന് പറയുന്നത് തെറ്റാ കുന്നു. മുസ്ലിമായ ഒരു ഹദീസുകാരനും ചരിത്ര കാരനും എതിരാളികളുടെ ആരോപണങ്ങളെ മൂടി വെച്ചിട്ടില്ല. ഉദാഹരണമായി, നഖ്ല യുദ്ധത്തിന്റെ വിവരണത്തിൽ മക്കാമുശ്രിക്കുകൾ മുസ്ലിംക ൾക്കെതിരിൽ പരിശുദ്ധ മാസങ്ങളെ അപമാനിച്ചു വെന്ന് ആരോപിച്ചത് മുസ്ലിം ചരിത്രകാരന്മാർ തികഞ്ഞ വിശ്വസ്തതയോടുകൂടി തങ്ങളുടെ ഗ്രന്ഥ ങ്ങളിൽ ചേർക്കുകയുണ്ടായി. ചുരുക്കത്തിൽ ഈ സന്ദർഭങ്ങളിലും എന്തെങ്കിലും ആക്ഷേപമുണ്ടായി രുന്നുവെങ്കിൽ ചരിത്രത്തിൽനിന്ന് അത്തരം പരാ മർശം പോകുമായിരുന്നില്ല. ആയതിനാൽ ഏത് തലത്തിൽ നോക്കിയാലും ഈ കഥകൾ ശരിയാ ണെന്ന് സ്ഥാപിതമാകുന്നില്ല. മാത്രമല്ല ഇതിൽ നിന്നെല്ലാം മനസ്സിലാകുന്നതെന്തെന്നാൽ ഏതെ ങ്കിലും രഹസ്യശത്രു ഏതെങ്കിലും മുസ്ലിമിലേക്ക് ചേർത്ത് കഥ മെനയുകയും അത് പിന്നീട് മുസ്ലിം നിവേദനങ്ങളിൽ കയറിക്കൂടിയതുമായിരിക്കാം. അതല്ലെങ്കിൽ ഏതെങ്കിലും ദുർബല വിശ്വാസി യായ മുസ്ലിം തന്റെ ഗോത്രത്തിന്റെ മിഥ്യാഭി മാനം പ്രകടമാക്കാൻ തന്റെ ആളുകൾ ചില ദ്രോഹികളായ കാഫിരീംകളെ കൊന്നിട്ടുണ്ടെന്ന നിവേദനങ്ങൾ ചരിത്രത്തിലേക്ക് കയറ്റിയതായി രിക്കാം. വല്ലാഹു അഅ്ലം.

ഹദ്റത്ത് മിർസാ ബശീർ അഹ്മദ് സാഹിബ് സീറത്ത് ഖാത്തമുന്നബിയ്യീൻ എന്ന ഗ്രന്ഥത്തിൽ അസ്മായുടെയും അബൂഅഫ്ഖിന്റെയും വധത്തെ സംബന്ധിച്ച കെട്ടുകഥയെ പരാമർശിച്ചുകൊണ്ട് പറയുന്നു: വാഖദിയും മറ്റ് ചരിത്രകാന്മാരും രേഖ പ്പെടുത്തിയ സംഭവങ്ങളെ പറ്റി ഹദീസ് ഗ്രന്ഥങ്ങ ളിലോ ശരിയായ ചരിത്രനിവേദനങ്ങളിലോ യാതൊരു അടയാളം പോലും കാണപ്പെടുന്നില്ല.

നിവേദനത്തിന്റെ അടിസ്ഥാനത്തിലും അത് ശരിയാണെന്ന് തെളിയുന്നില്ല. പക്ഷെ ഇതിൽ നബി(സ)നെതിരിൽ പ്രത്യക്ഷത്തിൽ ആക്ഷേപമുന്നയിക്കാൻ ഒരു അവസരം കിട്ടുന്നതുകൊണ്ട് ചില ക്രിസ്തീയ ചരിത്രകാരന്മാർ തങ്ങളുടെ ശീലമനുസരിച്ച് അനുചിതമായ നിലയിൽ ഇത് വിവരിച്ചിട്ടുണ്ട്. എന്നാൽ സൂക്ഷ്മമായ വിശകലനത്തിൽ ഈ കഥകൾ ശരിയാണെന്ന് തെളിയുന്നില്ല. ആദ്യത്തെ തെളിവ്, ഇവയുടെ യാഥാർഥ്യത്തെ സംബന്ധിച്ച് സംശയങ്ങൾ ഉണ്ടെന്നതാണ്. ഹദീസു ഗ്രന്ഥങ്ങളിൽ ഈ സംഭവത്തെപറ്റി പരാമർശം പോലുമില്ല. ചില ചരിത്രകാരന്മാരും ഇതേപ്പറ്റി പറയുന്നില്ല. വാസ്തവത്തിൽ ഇങ്ങനെയൊരു സംഭവം ഉണ്ടായിരുന്നുവെങ്കിൽ ഹദീസുഗ്രന്ഥങ്ങളും ചില ചരിത്രങ്ങളും അത് ഒഴിവാക്കേണ്ട കാര്യമൊന്നും ഇല്ലായിരുന്നു. ഇവിടെ നബി(സ)നും സ്വഹാബാക്കൾക്കും എതിരിൽ ആക്ഷേപമുന്നയിക്കപ്പെടുന്നു എന്നതുകൊണ്ട് ഹദീസുകാരന്മാരും ചരിത്രകാരന്മാരും ഇതേക്കുറിച്ചുള്ള പരാമർശം ഒഴിവാക്കിയതായിരിക്കാമെന്ന് സംശയിക്കാനും വകയില്ല. കാരണം ഒന്നാമതായി ഈ സംഭവം നടന്നുവെന്ന് പറയപ്പെടുന്ന അവസ്ഥ വെച്ചു നോക്കുമ്പോൾ പ്രസ്തുത സംഭവം ആക്ഷേപാർഹമല്ല. മുസ്‌ലിം ഹദീസുകാരന്മാരും ചരിത്രകാരന്മാരും ഇസ്‌ലാമിനും ഇസ്‌ലാം മതസ്ഥാപകർക്കുംമേൽ ആക്ഷേപമുണ്ടാകും എന്ന പേരിൽ മാത്രം ഒരു നിവേദനവും ഒഴിവാക്കിയിട്ടില്ലെന്ന കാര്യം അൽപമെങ്കിലും ഹദീസുകളും ചരിത്രവും വായിക്കുന്നവർക്ക്പോലും ഗോപ്യമല്ല. അവർ നിവേദനം ശരിയാണെന്ന് കണ്ടാൽ അതിലെ പരാമർശിത വിഷയം കാരണം അത് പകർത്തുന്നതിൽ അമാന്തം കാണിച്ചിരുന്നില്ല. പൊതുവിൽ എല്ലാ കാര്യത്തിലും എതിർപ്പ് പ്രകടിപ്പിക്കാറുള്ള ഓറിയന്റലിസ്റ്റ് ആയ മിസ്റ്റർ മാർഗോ ലീസ് ഈ സംഭവങ്ങളെ സംബന്ധിച്ച് മുസ്‌ലിംകൾക്ക്മേൽ കുറ്റമാരോപിക്കുന്നില്ല.

ഹുസൂർ പറയുന്നു: ഇതെല്ലാം നബി(സ)നെ സംബന്ധിച്ച് പറയുന്ന കെട്ടുകഥകളാകുന്നു. ചരിത്രകാരന്മാർ തങ്ങൾ എഴുതിയതിനെ പറ്റി ശരിയായ അവലോകനവും നടത്തേണ്ടിയിരുന്നു. അല്ലാഹു കാലഘട്ടത്തിന്റെ ഇമാമിനെ വിശ്വസിക്കാൻ തൗഫീഖ് നൽകിയത് നമുക്കുമേലുള്ള അവന്റെ വലിയ ഔദാര്യമാകുന്നു. നമ്മൾ ഓരോ കാര്യവും ശരിയായ നിലയിൽ വിശകലനം ചെയ്ത് അതിന്റെ യാഥാർഥ്യം മനസ്സിലാക്കി വിവരിക്കാൻ ശ്രമിക്കുന്നു. നബി(സ)ന്റെ അസ്തിത്വത്തെ ബാധിക്കുന്ന എല്ലാ ആക്ഷേപങ്ങളെയും നമ്മൾ അകറ്റാൻ ശ്രമിക്കുന്നു. ഇത്തരം കാര്യങ്ങൾ വിവരിച്ചുകൊണ്ട് സ്വാർഥലാഭത്തിനും ഇസ്‌ലാമിന് ദുഷ്പേര് ഉണ്ടാക്കാനും ശ്രമിക്കുന്ന പണ്ഡിതന്മാർക്ക് അല്ലാഹു സൽബുദ്ധി നൽകുമാറാകട്ടെ. അവരുടെ അഭിപ്രായത്തിൽ അവർ ഇസ്‌ലാമിക സേവനമാണ് ചെയ്യുന്നത്. എന്നാൽ യഥാർഥത്തിൽ അവരുടെ കർമങ്ങൾ തന്നെയാണ് തീവ്രവാദം ഉണ്ടാക്കുന്നത്. അല്ലാഹു അവർക്കും ബുദ്ധി നൽകുമാറാകട്ടെ.

(ഖുത്ബയുടെ) അവസാനത്തിൽ ഹുസൂർ തിരുമനസ്സ് കനഡയിലെ പർവേസ് പർവാസി എന്നറിയപ്പെടുന്ന പ്രൊഫസർ ഡോ. നാസിർ അഹ്മദ് സാഹിബ്, റബ്‌വയിലെ അമീർ ഖാൻ ഭട്ടി സാഹിബിന്റെ മകൻ ശരീഫ് അഹ്മദ് ഭട്ടി സാഹിബ്, നവാബ്ശാഹ് ജില്ലാ മുൻ അമീർ പ്രൊഫസ്സർ അബ്ദുൽ ഖാദിർ ഡാഹരി സാഹിബ്, അമേരിക്കയിലെ പ്രൊ. ഡോക്ടർ മുഹമ്മദ് ശരീഫ് ഖാൻ സാഹിബ് എന്നിവരെ അനുസ്മരിക്കുകയും അവരുടെ ജമാഅത്തീ സേവനങ്ങളെ പരാമർശിക്കുകയും ചെയ്തുകൊണ്ട് ഇവരുടെ ജനാസ ഗാഇബ് നമസ്കരിക്കുന്നതാണെന്നു വിളംബരപ്പെടുത്തുകയുണ്ടായി.

اَلْحَمْدُ لِلّٰهِ نَحْمَدُهٗ وَ نَسْتَعِيْنُهٗ وَ نَسْتَغْفِرُهٗ وَنُؤْمِنُ بِهٖ وَنَتَوَكَّلُ عَلَيْهِ وَنَعُوْذُ بِاللّٰهِ مِنْ شُرُوْرِ اَنْفُسِنَا وَ مِنْ سَيِّئَاتِ اَعْمَالِنَا مَنْ يَّهْدِهِ اللّٰهُ فَلَا مُضِلَّ لَهٗ وَمَنْ يُّضْلِلْهُ فَلَا هَادِيَ لَهٗ - وَنَشْهَدُ اَنْ لَّا اِلٰهَ اِلَّا اللّٰهُ وَنَشْهَدُ اَنَّ مُحَمَّدًا عَبْدُهٗ وَرَسُوْلُهٗ - عِبَادَ اللّٰهِ رَحِمَكُمُ اللّٰهُ اِنَّ اللّٰهَ يَاْمُرُ بِالْعَدْلِ وَ الْاِحْسَانِ وَ اِيْتَآءِ ذِي الْقُرْبٰى وَيَنْهٰى عَنِ الْفَحْشَآءِ وَ الْمُنْكَرِ وَ الْبَغْيِ يَعِظُكُمْ لَعَلَّكُمْ تَذَكَّرُوْنَ اُذْكُرُوا اللّٰهَ يَذْكُرْكُمْ وَ ادْعُوْهُ يَسْتَجِبْ لَكُمْ وَلَذِكْرُ اللّٰهِ اَكْبَرُ -

Friday Sermon Summary delivered by **Hadrat Khalifatul Masih Al-khamis (atba)**

at Masjid Mubarak, Islamabad, Tilford, UK – on 06.10.2023

Malayalam Translation: **Moulavi H Shamsuddin Kavassery** For Malayalam Desk, Qadian.

Typing: Moulavi P.M Waseem Ahmad Chelakkara, Layout: Moulavi T Jamshad Mukkam

Published By Nazarat Nashr-O-Isha'at, Sadr Anjuman Ahmadiyya - Qadian, 143516